**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5035** **11-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എ. പ്രഭാകരൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് പുതിയ റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കാർഡ് അനുവദിച്ചു വരുന്നുണ്ട്. പുതിയ റേഷൻ കാർഡിനായി അപേക്ഷകന് സ്വന്തമായി CITIZEN LOGIN മുഖേനയോ അക്ഷയ മുഖേനയോ അപേക്ഷിക്കാവുന്നതാണ്. റേഷൻകാർഡ് സംബന്ധമായ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുന്നതു കൂടാതെ റേഷൻകാർഡ് ലഭിക്കുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം ലഘൂകരിച്ചിട്ടുണ്ട്. എൻ.പി.എൻ.എസ് കാർഡ് മാത്രം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റിനു പകരം വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകിയാൽ മതിയാകും. പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ഹാജരാക്കിക്കൊണ്ടിരുന്ന താമസം തെളിയിക്കുന്നതിനുള്ള രേഖ (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) കൾക്ക് പകരം നടപ്പ സാമ്പത്തിക വർഷം അടച്ച പ്രോപ്പർട്ടി ടാക്സ് രസീത്, ഇലക്ട്രിസിറ്റി ബില്ല്, വാട്ടർ ബില്ല്, ലാൻഡ് ഫോൺ ബിൽ, എൽ.പി.ജി വൗച്ചർ/ബില്ല്, ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന, നോൺ ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഡി.ഡി.ഒയുടെ സാക്ഷ്യപത്രം, പൊതുമേഖലാ സ്ഥാപന ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം, ദേശസാത്കൃത ബാങ്കിന്റെ ഫോട്ടോ പതിച്ച പാസ്സ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡ്, ഇലക്ടൽ ഐ.ഡി പകർപ്പ്, സാധുവായ വാടക കരാർ എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് |

| | | | |
|---|---|---|---|
| | | | ഹാജരാക്കിയാൽ മതിയാകും. ഒരിടത്തും റേഷൻകാർഡിൽ പേരില്ലാത്തവർ ജനപ്രതിനിധികളുടെ ശുപാർശ കത്തിനു പകരം ആധാർകാർഡ് അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും. മേൽപ്പറഞ്ഞ രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിലുള്ളതോ ആയിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത രേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് 3 മാസത്തിനകം ലഭിച്ചവയും ആകേണ്ടതാണ്. വീട് നിർമ്മാണം പൂർത്തിയാകാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നമ്പർ കിട്ടാത്തവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസർ പരിശോധിച്ച് അർഹമെന്ന് ബോധ്യപ്പെടുന്ന പക്ഷം കാർഡ് അനുവദിക്കുന്നതാണ്. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻകാർഡിനായി വീട്ടുനമ്പർ രേഖപ്പെടുത്തേണ്ട കോളത്തിൽ '00' എന്ന് രേഖപ്പെടുത്തി കാർഡ് അനുവദിക്കുന്നതാണ്. |
| (ബി) | പുതിയ റേഷൻ കാർഡുകൾക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, അളവ്, വില എന്നിവ ഗുണഭോക്താക്കളെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | റേഷൻ കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേക്ക് എസ്.എം.എസ് ആയും, ഔദ്യോഗിക ഫേസ് ബുക്ക് പേജ് [Department of Food & Civil Supplies, Kerala (https://www.facebook.com/ccstvm)] മുഖേനയും, വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് (https://civilsupplieskerala.gov.in) മുഖേനയും പ്രതിമാസ ഭക്ഷ്യധാന്യ വിഹിതം സംബന്ധിച്ച് അറിയിപ്പ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ